കരിമണലിന്റെ ലഭ്യത

188(2390) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമണൽ ദൗർലഭ്യം കാരണം ചവറയിലെ പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ അടച്ചുപൂട്ടലിന്റെ വക്കിലാണെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അസംസ്കൃത വസ്തുവായ കരിമണലിന്റെ ദൗർലഭ്യം, ചവറ ഐ.ആർ.ഇ. എൽ.-ന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട് എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഖനന പ്രവർത്തനങ്ങൾക്കായി സ്ഥല ഉടമകൾ സ്ഥലം വിട്ടു നൽകുവാൻ വിമുഖത കാണിക്കുന്നതും സ്ഥലവാസികളെ വിശ്വാസത്തിലെടുത്ത് ഖനന നടപടികളുമായി മുന്നോട്ട് പോകാൻ ഐ.ആർ.ഇ.എൽ.ന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയുമാണ് ഈ പ്രശ്നത്തിന് കാരണം. പ്രശ്നപരിഹാരത്തിനായി നിരവധി ഉന്നതതല യോഗങ്ങൾ സർക്കാർ നടത്തിയിട്ടുണ്ട്. ഐ.ആർ.ഇ.എൽ.-ന്റെ ഖനനാനുമതി പുതുക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര ഖനന വകുപ്പ് സെക്രട്ടറിക്ക് അയച്ചുകൊടുത്തിട്ടുണ്ട്. കേന്ദ്രാനുമതി ലഭിച്ചാൽ ഐ.ആർ.ഇ.എൽ.-ന്റെ പ്രവർത്തനത്തിൽ അസംസ്കൃത വസ്തുവിന്റെ ദൗർലഭ്യം ഗണ്യമായി പരിഹരിക്കാൻ കഴിയും. ഇതുകൂടാതെ നീണ്ടകര, തോട്ടപ്പള്ളി തുടങ്ങിയ തുറമുഖങ്ങളുടെ പരിസരത്തുനിന്നും ഡ്രെഡ്ജ് ചെയ്ത മണൽ ഉപയോഗിക്കുവാൻ ഐ.ആർ.ഇ.എൽ.-ന് അനുമതി നൽകിയിട്ടുണ്ട്. വെള്ളനാതുരത്ത്, പണ്ടാരത്തുരത്ത്, കരിത്തുറ, കോവിൽതോട്ടം തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ ഭരണകൂടം ഐ.ആർ.ഇ.എൽ.-ന് എല്ലാവിധ സഹായവും ചെയ്തുവരുന്നുണ്ട്.

ക്വാറികളിൽ നിന്നുള്ള റോയൽറ്റി

189(2391) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം കരിങ്കൽ ചെങ്കൽ ക്വാറികളുടെ റോയൽറ്റി ഇനത്തിൽ സർക്കാരിന് എത്ര തുക ലഭിച്ചുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റോയൽറ്റി ഇനത്തിൽ കടിശ്ശിക ലഭിക്കാനുണ്ടോ; എങ്കിൽ എത്ര തുകയെന്നും ആയത് എത്ര വർഷം പഴക്കമുള്ള കടിശ്ശികയാണെന്നും വ്യക്തമാക്കുമോ;

(സി) കരിങ്കൽ ചെങ്കൽ ക്വാറികളുടെ റോയൽറ്റി അടയ്ക്കുന്ന ഹെഡ് ഓഫ് അക്കൗണ്ട് ഏതാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) കരിങ്കൽ, ചെങ്കൽ ക്വാറികളുടെ റോയൽറ്റി 0853-102-99(1) എന്ന ഹെഡ് ഓഫ് അക്കൗണ്ടിലാണ് അടയ്ക്കുന്നത്.

പാറ ക്വാറികൾ

190(2392) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ആകെ എത്ര പാറ ക്വാറികൾക്കാണ് പ്രവർത്തനാനുമതി ഉണ്ടായിരുന്നത് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) 2011 മെയ് മാസത്തിനുശേഷം ഓരോ ജില്ലയിലും എത്ര പാറ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 2011 മെയ് മാസത്തിനുശേഷം കോടതി വിധിയുടെ അടിസ്ഥാനത്തിലും മറ്റ് കാരണങ്ങളാലും എത്ര പാറ ക്വാറികളുടെ അനുമതി റദ്ദാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രവർത്തനാനുമതി ഉണ്ടായിരുന്ന പാറ ക്വാറികളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.*

(ബി) 2011 മെയ് മാസത്തിനുശേഷം ഓരോ ജില്ലയിലും പ്രവർത്തനാനുമതി നൽകിയിട്ടുള്ള ക്വാറികളുടെ എണ്ണം അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.*

(സി) 2011 മെയ് മാസത്തിനുശേഷം റദ്ദാക്കിയ പാറ ക്വാറികളുടെ എണ്ണം അനുബന്ധം മൂന്നിൽ ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly